**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 929** **24-02-2022 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിലെ ജലസേചന പദ്ധതികളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിലെ ഇടത്തരം ജലസേചന പദ്ധതിയായ കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | പാലക്കാട് ജില്ലയിലെ ഇടത്തരം ജലസേചന പദ്ധതിയായ കാഞ്ഞിരപ്പുഴ ജലസേചന പദ്ധതി 1980ൽ ഭാഗികമായി കമ്മീഷൻ ചെയ്യുകയും കനാലുകളിലൂടെ ആയക്കട്ട് ഏരിയയിലേക്ക് എല്ലാ വർഷവും സുഗമമായ രീതിയിൽ ജലസേചനം നടത്തിവരുന്നുണ്ട്. |
| (ബി) | പ്രസ്തുത ജില്ലയിലെ ചേരമംഗലം പദ്ധതി (ആനിക്കട്ടിന്റെയും മറ്റ് നിർമ്മാണങ്ങളുടെയും നവീകരണം), മൂലത്തറ വലതുകര കനാൽ ദീർഘിപ്പിക്കൽ പദ്ധതി (വരട്ടയാർ മുതൽ വേലൻ താവളം വരെ) എന്നിവയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ; | (ബി) | ചേരാമംഗലം പദ്ധതിയുടെ ഭാഗമായുള്ള ആനിക്കട്ടിന്റേയും മറ്റ് നിർമ്മാണങ്ങളുടേയും നടന്നുവരുന്ന നവീകരണ പ്രവൃത്തികൾ ജലവിതരണം അവസാനിക്കുന്ന മുറയ്ക്ക് തുടരുന്നതാണ്. കിഫ്ബിയുടെ ധനസഹായത്താൽ ജലസേചന വകുപ്പിന്റെ എസ്.പി.വി ആയ കെ.ഐ.ഐ.ഡി.സി മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് മൂലത്തറ വലതുകര കനാൽ ദീർഘിപ്പിക്കൽ പദ്ധതി. മൂലത്തറ വലതുകര കനാൽ ദീർഘിപ്പിക്കുന്നതിന്റെ ഭാഗമായി 8.5 കി.മീ നീളത്തിലുള്ള കനാൽ അലൈൻമെന്റ് നിശ്ചയിക്കുകയും തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തു. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഭാരതപ്പുഴ നദീതടത്തിലെ ചിറ്റൂർപ്പുഴ ജലസേചന പദ്ധതിയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ? | (സി) | ചിറ്റൂർപ്പുഴ ജലസേചന പദ്ധതി 1972ൽ പൂർത്തീകരിച്ചിട്ടുള്ളതാണ്. പദ്ധതിയിലൂടെ പറമ്പിക്കുളം ആളിയാർ കരാർ പ്രകാരം ഓരോ ജലവർഷത്തിലും ലഭിക്കുന്ന 7.25 TMC ജലം ഉപയോഗിച്ച് 19 പഞ്ചായത്തുകളിലും ഒരു മുനിസിപ്പാലിറ്റിയിലുമായി 20440 ഹെക്ടർ സ്ഥലത്ത് മൂലത്തറ ഇടതുകര, വലതുകര കനാൽ ശൃംഖല വഴി ഒന്നാം വിളയ്ക്കും രണ്ടാം വിളയ്ക്കും വേണ്ടിയുള്ള ജലസേചനം നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ